entering a 'Khadar Shop'. I regret that I cannot permit this to be moved consistently with public interests.

Voting of Demands for Grants

16. General Administration Rs. 3,93,371

Mr. B. V. K. Menon *(Secretary to Government):* I rise to move for a grant of Rs. 3,93,371 under 16—General Administration. I don't want to take up the time of the House by making a speech on this grant. As far as I can see there is nothing spectacular under this head. If there is anything to be answered, that will be answered in the course of the debate on the cut motions. I request the House will be pleased to allow this demand.

Mr. K. K. Kannan *(Nominated):* I don't move the motion.

Mr. A. Eachara Menon *(Chittur-Thattamangalam):* Since the Hon'ble Minister had said that drinking water will be supplied to the coastal regions I don't press my motion.

Mr. K. K. Kannan *(Nominated):* I don't move this motion also.

CUT MOTION No. 1

Standardisation of salary of clerks of all departments

***Mr. K. S. Panicker** *(Ezhuvas-Trichur):* To reduce the allotment of Rs. 71,390 for (1) Huzur Secretariat Establishment in Demand No. 16 by Re. 1".

To impress upon the Government the necessity of standardising the salary of clerks of all departments.

സർ, ഈ ഖണ്ഡനോപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു കൊച്ചി ഗവ മ്മെണ്ടുസെക്രട്ടീസിൽ അനവധി ഗുമസ്ഥന്മാരുണ്ടു്. അവരെ ഓരോ ആഫീസ്സുകളിൽ ഓരോ വിധത്തിലുള്ള നിയമനങ്ങൾ നടത്തുന്നതിലുള്ള അനൌചിത്യം ഗവമ്മെണ്ടിനെ മനസ്സിലാക്കി, തൽപരിഹാരാർത്ഥം എല്ലാവരേയും ഒരേതരത്തിൽ ആക്കിത്തീർക്കുന്നതിനു പരിശ്രമിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ലോകത്തിൽ എല്ലാ സ്ഥലത്തും സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും വേണമെന്നുള്ള മുറവിളി നടക്കുന്നുണ്ടു്. അങ്ങിനെയിരിക്കെ നമ്മുടെ ഗവമ്മെണ്ടു സർവ്വീസ്സിൽ ഓരോ പരീക്ഷായോഗ്യതയുള്ളവരെ ഓരോ വകുപ്പിൽ അവരുടെ ദോഷംകൊണ്ടല്ല ഗവമ്മെണ്ടു നിയമിക്കുന്നതിന്റെ ദോഷംകൊണ്ടു് അസമത്വം അനുഭവിക്കുവാൻ ഇടവരുന്നതു വലിയ കഷ്ടമാണു്. ഒരു അച്ഛന്റെ മക്കളിൽ ചിലർ അച്ഛന്റെ സ്വത്തുകൊണ്ടു സുഖലോലുപന്മാരായി കഴിയുക, മറ്റു ചിലർ ദുരിതം അനുഭവിക്കുക, ഇതു ലോകത്തിൽ സമാധാനം നിലനിർത്തുന്ന ഒരു ഏർപ്പാടല്ല. ഗവമ്മെണ്ടു ചില ആഫീസ്സുകളിലെ ഗുമസ്ഥന്മാർക്കു കായ്ക്ഷമത കൂടുവാണെന്നൊക്കെ പറയുന്നുണ്ടെങ്കിൽ അതിനു"ഇടവരുത്തുന്നതുതന്നെ, അവരുടെ പ്രയത്നത്തിനനുസരിച്ചു"അവരുടെ വയർനിറക്കുന്നതിനുള്ള വക കൊടുക്കുന്നില്ലാത്ത ഒരു കാരണമാണെന്നാണു"ഞാനുദ്ദേശിക്കുന്നതു്. ചില ആഫീസ്സുകളിലെ ഗുമസ്ഥന്മാരെ നിയമിക്കുമ്പോൾ ൨൪ മുതൽ ൧൦൦ രൂപവരെയുള്ള ഗ്രേഡിൽ നിയമിക്കുന്നുണ്ടു്. ചില ആഫീസ്സുകളിൽ ൨൪ മുതൽ ൩൦ വരെ, മറ്റു ചില ആഫീസുകളിൽ ൨൪മുതൽ ൪൦ വരെ, ഇവക്കെല്ലാപേക്ഷം ഒരേപരീക്ഷായോഗ്യത മാത്രം മതിതാനും. സ്റ്റാഫ്സെലക്ഷൻ ബോർഡിലേക്കു് അപേക്ഷ അയക്കുമ്പോൾ "എനിക്കു് ഇന്ന ഉദ്യോഗം തരണം" എന്നു് അവർ പറയുന്നില്ല. "എനിക്കു് അർഹതയുള്ള ഒരു ഉദ്യോഗം തരണ"മെന്നാണു് അവർ പ്രധാനമായി കാണിക്കുന്നതു്. അതിൽ ഭാഗ്യവാന്മാർക്കു ൨൪ മുതൽ ൧൫൦ വരെ ഗ്രേഡുള്ള ആഫീസ്സിൽ ഉദ്യോഗം കിട്ടുന്നു. നിർഭാഗ്യവാന്മാർക്കു താഴ്ന്ന ഗ്രേഡുള്ള മറ്റു ചില ആഫീസുകളിലും കിട്ടുന്നു. സാധാരണ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരെ ദ്വിജന്മാർ എന്നാണു് ഞാൻ വിളിക്കാറു്. അതായതു വിവാഹത്തിന്റേതു് ഒരു ജാതകം, ഗവമ്മെണ്ടുദ്യോഗത്തിനു മറ്റൊരു ജാതകം. അങ്ങിനെ രണ്ടു ജാതകമുള്ള അവരെ ഞാൻ "ദ്വിജന്മാർ" എന്നാണു് സാധാരണ സംബോധന ചെയ്യാറു്. ഏതായാലും ഗവമ്മെണ്ടിന്റെ കണക്കുപ്രകാരം ൫൫ വയസ്സു് തികഞ്ഞു പെൻഷൻ പറ്റുന്ന അവസരം വരുമ്പോൾ ൨൫— ൪൦ ഗ്രേഡുകാരനു ൪൦ ഗ്രേഡിൽ പെൻഷൻ പറ്റേണ്ടിവരുന്നു. ൨൫ — ൧൦൦ ഗ്രേഡുകാരൻ ൧൦൦ രൂപയിലും പെൻഷൻ പറ്റുന്നു ഇങ്ങിനെയുള്ള വ്യത്യാസംക്രടാതെ എല്ലാപേക്ഷം ഒരേരീതിയിൽ ജീവിക്കുന്നതിനു തക്കവണ്ണമുള്ള സൌകര്യങ്ങൾ ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly